LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ ലാ കോളേജുകൾ ആരംഭിക്കാൻ നടപടി

*2 [279] ശ്രീ. ഇസ്ഹാക് .കുരിക്കൾ:

,, യു. സി. രാമൻ:

,, സി. ടി. അഹമ്മദ് അലി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വാശ്രയ ലാ കോളേജുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വ്യവസ്ഥകളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ നാലകത്ത് സൂപ്പി): സർ,

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ വ്യവസ്ഥകൾക്കും അംഗീകാരത്തിനും വിധേയമായി, കോളേജ് തുടങ്ങുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും, ലൈബ്രറി സൗകര്യങ്ങളും ലാബും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പൂർണ്ണമായും സജ്ജമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്വാശ്രയാടിസ്ഥാനത്തിൽ പഞ്ചവൽസര എൽ. എൽ. ബി. കോഴ്സുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ 17-1-2004-ലെ ജി.ഒ.(എം.എസ്) 5/2004/ഉ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വാശ്രയ ലാ കോളേജുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

*3 [284] ശ്രീ. എം. കുമാരൻ:

,, കെ. പി. രാജേന്ദ്രൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ ലാ കോളേജുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഇത്തരം കോളേജുകൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജുകളിൽ ഫീസ് നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ നാലകത്ത് സൂപ്പി):

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ വ്യവസ്ഥകൾക്കും അംഗീകാരത്തിനും വിധേയമായി കോളേജ് തുടങ്ങുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും, ലൈബ്രറി സൗകര്യങ്ങളും സ്റ്റാഫും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പൂർണ്ണമായും സജ്ജമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്വാശ്രയാടിസ്ഥാനത്തിൽ പഞ്ചവൽസര കോഴ്സുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ 17-1-2004-ലെ ജി. ഒ. (എം.എസ്.) 5/2004/ഉ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാരും സർവ്വകലാശാലകളും കാലാകാലങ്ങളിൽ നിശ്ചയിക്കും പ്രകാരമായിരിക്കും ട്യൂഷൻ ഫീസുകളും സ്പെഷ്യൽ ഫീസുകളും ഈടാക്കുന്നത്.

ശ്രീ. കെ. മോഹൻകുമാർ: സർ, രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും ദേശീയ സംസ്ഥാന നേതാക്കളുമെല്ലാം വിദേശരാജ്യങ്ങളിൽ ചെന്നുപോലും നേടിയെടുത്തതാണ് നിയമ വിദ്യാഭ്യാസം. സമൂഹം തങ്ങളുടെ നേതൃത്വം വളരെ സന്തോഷപുരസ്സരം നമ്മുടെ നേതാക്കൻമാരെ ഏൽപ്പിക്കുമ്പോൾ അവർക്ക് ലഭിച്ച നിയമവിദ്യാഭ്യാസത്തിന്റെ ഗുണമേൻമയ്ക്കൊത്ത് ലഭിച്ച ഒരംഗീകാരം കൂടിയായിരുന്നു ഇത്. പക്ഷെ നിർഭാഗ്യകരമാണെന്നു പറയട്ടെ ആകാശഗംഗയ്ക്ക് ലഭിച്ചതിനേക്കാൾ വലിയ അധഃപതനമാണ് ഇന്ന് നിയമ വിദ്യാഭ്യാസത്തിന് ലഭിച്ചിരിക്കുന്നത്. പുതിയ സ്വാശ്രയ കോളേജുകൾ നിയമ മേഖലയിലേക്ക് കടന്നുവരുമ്പോൾ ഏതാണ്ട് മുപ്പതിനായിരത്തോളം അഭിഭാഷകർ നിലവിലുള്ള കേരളത്തിൽ ഏതെല്ലാം തരത്തിലുള്ള പ്രത്യാഘാതങ്ങളാണ് അത് ഉളവാക്കുന്നത് എന്നുപറയാൻ കഴിയില്ല. ഗുണമേൻമയെങ്കിലും ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള നിയമനടപടികൾ സ്വീകരിക്കാൻ നമ്മുടെ സംസ്ഥാന സർക്കാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ചോദ്യം ലാ കോളേജുകൾ ആരംഭിക്കുന്നതിന് മുമ്പായി ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടോ; ഫീസിബിലിറ്റി സ്റ്റഡി നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ ചുമതല കേരള ബാർ കൗൺസിലിനെ ഏൽപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: സർ, ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടില്ല. എന്നാൽ ഇക്കാര്യങ്ങളിൽ ബാർ കൗൺസിലിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ബാർ കൗൺസിൽ പറഞ്ഞത് Conversional type Law College-കൾ തുടങ്ങുന്നതിനെ നിരുൽസാഹപ്പെടുത്തണം എന്നാണ്. ഏതായാലും ബാർ കൗൺസിലിന്റെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് നടപടി എടുക്കുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, ദേശീയ നിലവാരമുള്ള ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഏതാണ്ട് പത്ത് വർഷങ്ങൾക്കുമുമ്പുതന്നെ അഭിപ്രായ പ്രകടനങ്ങളും ചർച്ചകളുമൊക്കെ ഉണ്ടായിരുന്നു. സുപ്രീംകോടതി അഭിഭാഷകൻ ബഹുമാന്യനായ കെ. കെ. വേണുഗോപാൽ ചില വാഗ്ദാനങ്ങൾ ഇതുസംബന്ധിച്ച് നൽകിയിട്ടുമുണ്ട്. അന്തർദേശീയ നിലവാരമുള്ള നാഷണൽ ലാ സ്കൂൾ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ വളരെ പ്രശസ്തമായി പ്രവർത്തിച്ചുവരുന്നു. അതേ മാതൃകയിൽ കേരളത്തിൽ ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കാൻ, ബാർ കൗൺസിൽ ഓഫ് കേരള ചില നീക്കങ്ങൾ നടത്തുന്നതായി അറിയുന്നു. ബാർ കൗൺസിലുമായി സഹകരിച്ചുകൊണ്ട് കേരളത്തിൽ ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, കേരളത്തിൽ ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിൽ ഇല്ല. നാഷണൽ ലാ സ്കൂളിന്റെ ഭാഗമായി ബാംഗ്ലൂരിൽ ഒന്ന് തുടങ്ങി. ഹൈദ്രാബാദ്, ജോധ്പൂർ എന്നീ സ്ഥലങ്ങളിൽ നാഷണൽ ലാ സ്കൂൾ തുടങ്ങിയിട്ടുണ്ട്. ഏതായാലും ആ കാര്യം പരിശോധിക്കാം.

ശ്രീ. യു. സി. രാമൻ: സർ, പുതിയ ലാ കോളേജുകൾ തുടങ്ങുന്നതിന് കേന്ദ്ര ബാർ കൗൺസിലിന്റെ നിബന്ധനകൾ എന്തൊക്കെയാണ്; ഇതിന് അംഗീകാരം കൊടുക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?

ശ്രീ. നാലകത്ത് സൂപ്പി: സർ, പുതിയ ലാ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു എന്നേയുള്ളൂ, അതുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങൾ പിന്നീട് അറിയിക്കാം.

ശ്രീ. യു.സി. രാമൻ: സർ, സംസ്ഥാനത്തെ ലാ കോളേജുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, കിട്ടിയ കണക്കനുസരിച്ച് സംസ്ഥാനത്ത് ലാ കോളേജുകളിൽ 1340 സീറ്റാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, 1994-95-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ഉമ്മൻചാണ്ടി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു സ്വാശ്രയ ലാ കോളേജ് കാസർഗോഡ് ആരംഭിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. അത് അടിയന്തിരമായും ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ലാ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ സ്വാശ്രയ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ബഡ്ജറ്റിൽ പറഞ്ഞ കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരളാ ഗവൺമെന്റ് മുൻകൈയെടുത്ത് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി കൺവീനറായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായ കൊച്ചിയിലെ N.I.A.L.S., ബാംഗ്ലൂരിലെ ലാ സ്കൂളിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. അത് ഒരു ലാ യൂണിവേഴ്സിറ്റിയായി ഉയർത്തണമെന്ന നിവേദനങ്ങളിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പരിഗണിക്കാം എന്നുപറഞ്ഞിരുന്നതാണ്. കൊച്ചിയിലെ N.I.A.L.S. ഒരു യൂണിവേഴ്സിറ്റിയായി ഉയർത്താനുള്ള പദ്ധതി ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ; അത് പരിഗണിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, N.I.A.L.S.-നെ ലാ യൂണിവേഴ്സിറ്റിയായി നിലനിർത്തുന്ന കാര്യം ആലോചിക്കുന്നതാണ്. ഏറ്റവും പ്രധാനമായ കോർപ്പറേറ്റ് ലായേഴ്സ് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ Business Law, Environmental Law, Property Right Law ഇവ പ്രായോഗികമായി പരിശീലിപ്പിക്കുന്നതിന് N.I.A.L.S.-നെ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലുള്ള രണ്ട് ലാ കോളേജുകളാണ് നിയാൽസും ലാ അക്കാഡമിയും. ഈ രണ്ട് സ്ഥാപനങ്ങളിലും സാമുദായിക സംവരണം പാലിക്കാറുണ്ടോ; മെറിറ്റ് പരിപൂർണ്ണമായി പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, നിയാൽസിൽ സാമുദായിക സംവരണത്തിന് വിധേയമായിട്ടാണ് അഡ്മിഷൻ കൊടുക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഇപ്പോൾ കേരളത്തിലെ ഹൈക്കോടതികളിൽ എൻറോൾ ചെയ്തിട്ടുള്ള ധാരാളം അഡ്വക്കേറ്റുമാർ ഉണ്ട്. ഇപ്പോൾ എത്ര അഡ്വക്കേറ്റുമാരാണ് കേരളത്തിൽ ആവശ്യമുള്ളത്; അതനുസരിച്ച് എൻ.ഒ.സി.-ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് മുൻപായി ഒരു സാധ്യതാപഠനം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: സാധ്യതാപഠനം തീർച്ചയായിട്ടും നടത്തും. ഇപ്പോൾ 33,895 പേരാണ് അതാതു കൊല്ലങ്ങളിൽ വക്കീലൻമാരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇന്നുവരെയുള്ള എഫക്ടീവ് സ്ട്രെങ്ത് എന്നുപറയുന്നത് 29,733 ആണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, കോട്ടയം ജില്ലയിലെ പാലായിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നടത്തിയിരുന്ന ലാ കോളേജ് നിറുത്താൻ കാരണമെന്താണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: വിദ്യാർത്ഥി സമരവും അതുപോലെ അഖിലേന്ത്യാ ബാർ കൗൺസിലിന്റെ നിബന്ധനകൾക്ക് വിധേയമായി സൗകര്യമൊന്നും ഒരുക്കിയിട്ടില്ല എന്നീ കാരണങ്ങൾ പറഞ്ഞുകൊണ്ടാണ് നിറുത്തിയത്.

ശ്രീ. എം. കുമാരൻ: സർ, സ്വാശ്രയ ലാ കോളേജുകൾ ആരംഭിക്കുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ സംസ്ഥാനത്ത് നിലവിലുള്ള നിയമ കോളേജുകൾക്കു പുറമേ കൂടുതൽ കോളേജുകൾ തുടങ്ങുന്നതിന് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തുകയോ നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: വ്യക്തമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ലാ കോളേജുകൾ ആരംഭിക്കാവൂ എന്ന് ഞാൻ നേരത്തെ പറഞ്ഞു. തീർച്ചയായും പഠനം നടത്തും.

ശ്രീ. എം. കുമാരൻ: നിർദ്ദിഷ്ട സ്വാശ്രയ ലാ കോളേജുകളിൽ പ്രവേശനം നൽകുന്നതിന് പ്രവേശന പരീക്ഷ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സ്വാശ്രയ ലാ കോളേജുകൾക്ക് അഫിലിയേഷനും റെക്കഗ്നിഷനും കൊടുക്കാനുള്ള അതോറിറ്റി ആരാണ്? യൂണിവേഴ്സിറ്റികൾക്ക് ഇതു സംബന്ധിച്ചുള്ള അധികാരങ്ങൾ എന്തൊക്കെയാണ്?

ശ്രീ. നാലകത്ത് സൂപ്പി: സ്വാശ്രയ ലാ കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കുന്നത് മാനദണ്ഡത്തിന് വിധേയമായിട്ടാണ്. സ്വന്തമായി കെട്ടിടം, ജില്ലാ കോടതികളുടെ സാമിപ്യം, അവശ്യാനുസരണം പുസ്തകങ്ങളും, ലാ ജേർണൽസും ഉള്ള ലൈബ്രറി, യോഗ്യതയുള്ള അദ്ധ്യാപകർ തുടങ്ങി മറ്റ് ഭൗതിക സൗകര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് അഫിലിയേഷൻ കൊടുക്കുന്നത്; യൂണിവേഴ്സിറ്റികളാണ് കൊടുക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബി. എഡ്. കോളേജുകൾ മാനദണ്ഡം നോക്കാതെ അനുവദിച്ചതിനെത്തുടർന്ന് ഹൈക്കോടതി ലിസ്റ്റ് റദ്ദാക്കുകയും സർക്കാരിന്റെ നടപടിയെ അതിരൂക്ഷമായി വിമർശിക്കുകയും ചെയ്ത സാഹചര്യത്തിൽ, ബാർ കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള നിബന്ധനകളും യൂണിവേഴ്സിറ്റിയുടെ അധികാരങ്ങളും അവരുടെ ശുപാർശകളുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണോ പുതിയ സ്വാശ്രയ കോളേജുകൾ തുടങ്ങാനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും അത് പരിശോധിക്കുന്നതുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ നേരത്തെ പറഞ്ഞു, വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലായിരിക്കും പുതിയ സ്വാശ്രയ ലാ കോളേജുകൾ തുടങ്ങാനുള്ള തീരുമാനമെടുക്കുന്നത്. ബി. എഡ്. കോളേജ് അനുവദിച്ചതും ഇതുമായി ബന്ധമില്ല. തെറ്റുപറ്റിയെന്ന് സംശയമുണ്ടായാൽ അത് കറക്ട് ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാണ്. അതു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

ശ്രീ. എൻ. രാജൻ: സർ, സ്വാശ്രയാടിസ്ഥാനത്തിൽ പഞ്ചവൽസര ലാ കോഴ്സുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട് എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ മാനദണ്ഡങ്ങളിൽ റിസർവേഷൻ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. നാലകത്ത് സൂപ്പി: റിസർവേഷന്റെ കാര്യത്തിൽ ഉറപ്പു പാലിക്കും, അത് ഗൈഡ്ലൈൻസിൽ പറഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട സമിതികൾ അക്കാര്യം പരിശോധിക്കും.

ശ്രീ. എൻ. രാജൻ: പല കോളേജുകളും ഇതുവരെ അംഗീകരിച്ചിട്ടില്ല.

ശ്രീ. നാലകത്ത് സൂപ്പി: പാലിക്കും, ഒരു കോളേജേ അംഗീകരിക്കാതെയുള്ളൂ.

ശ്രീ. എൻ. രാജൻ: സർ, ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഇത്തരം കോളേജുകൾ അനുവദിക്കുന്നതെന്ന് കൃത്യമായി വ്യക്തമാക്കുമോ എന്നുള്ള ചോദ്യത്തിന് കൃത്യമായിട്ടുള്ള മറുപടി ലഭ്യമായിട്ടില്ല, അതിന്റെ കൃത്യമായിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് സഭയെ അറിയിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: യൂണിവേഴ്സിറ്റിയുടെ വ്യവസ്ഥകൾക്കും അംഗീകാരത്തിനും വിധേയമായിട്ടാണ് ലാ കോളേജുകൾ അനുവദിക്കുക; കെട്ടിടം, സ്ഥലം, ഇൻഫ്രാസ്ട്രക്ച്ചർ അവയിലബിലിറ്റി, ലൈബ്രറി തുടങ്ങി മറ്റ് സൗകര്യങ്ങളൊക്കെ ഈ മാനദണ്ഡത്തിൽപ്പെടുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ കോളേജ് അനുവദിക്കുന്നത് അഞ്ച് കിലോമീറ്റർ ഉള്ളിലും പട്ടണ പ്രദേശങ്ങളിൽ മൂന്ന് കിലോമീറ്റർ ഉള്ളിലുമാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നിയമപഠനം ഒരു പ്രൊഫഷണൽ കോഴ്സാണ്. നിയമപഠനം പൂർത്തിയാക്കിയിട്ടുള്ള ആളുകളുടെ എണ്ണം പരിഗണിച്ച് ഇത് എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നുള്ള വല്ല പരിശോധനയും നടത്തിയിട്ടാണോ ലാ കോളേജുകൾ അനുവദിക്കുന്നത്? പ്രൊഫഷണൽ കോഴ്സ് എന്നുള്ള നിലയ്ക്ക് ആവശ്യപ്പെടുന്ന എല്ലാപേർക്കും അനുവദിക്കുമെന്നുള്ള നിലപാടാണോ അതോ ആവശ്യകതയും സാധ്യതയും പരിശോധിച്ചുകൊണ്ടുള്ള നിലപാടാണോ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: സാധ്യതാപഠനം നടത്തുമെന്ന് ഞാൻ പറഞ്ഞു, കേരളത്തിൽ ഏതാണ്ട് 1800 നിയമ വിദ്യാർത്ഥികളാണ് ഓരോ വർഷവും എൻറോൾ ചെയ്യുന്നത്. അതേസമയം കേരളത്തിൽ 1300-ഓളം സീറ്റുകളേ ഇന്ന് അവയിലബിൾ ആയിട്ടുള്ളൂ. ഏതാണ്ട് അഞ്ഞൂറ് പേർ സ്റ്റേറ്റിന് പുറത്തുപോയി പഠിക്കുന്നവരാണ്. അതുകൊണ്ട് ലാ കോളേജുകൾ ആവശ്യമുണ്ടെന്ന് കാണുകയാണ്. നിയമ സാങ്കേതികവശങ്ങളെ സംബന്ധിച്ച് പഠനം നടത്തിയശേഷം മാത്രമേ ലാ കോളേജുകൾ അനുവദിക്കുകയുള്ളൂ.

ശ്രീ. എ. പി. അനിൽകുമാർ: സർ, സ്വാശ്രയ കോളേജുകൾ നടത്തുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ മറ്റ് ഏതെങ്കിലും ഭാഗത്തു നിന്നോ ഏർപ്പെടുത്തിയിട്ടുണ്ടോ? ഞാൻ ഇത് പറയാൻ കാരണം പാരലൽ കോളേജുകളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അതായത് എട്ടു ശതമാനം നികുതി അടയ്ക്കണമെന്നുള്ള ഒരു നിബന്ധന വച്ചിട്ടുണ്ട്. അത്തരത്തിലുള്ള എന്തെങ്കിലും നിയന്ത്രണം ഇത്തരം കോളേജുകളിൽ ഉണ്ടോ? കേന്ദ്രഗവൺമെന്റിന്റെ ഈ നീക്കത്തിനെതിരെ പാരലൽ കോളേജ് സ്റ്റുഡന്റ്സ് കോടതിയിൽ പോയിരിക്കുകയാണ്. ലക്ഷക്കണക്കിന് കുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപനത്തിന് നികുതി ഏർപ്പെടുത്താനുള്ള തീരുമാനത്തിനെതിരെ ഒരു നിലപാട് എടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: പുതിയ ഏരിയകൾ കണ്ടെത്തി അതിനെ സംബന്ധിച്ച് പഠിക്കാൻ അവസരം നൽകുകയാണ്. ബാർ കൗൺസിൽ തന്നെ കൺവെൻഷണൽ ടൈപ്പ് ലാ കോളേജ് തുടങ്ങണ്ട എന്ന് പറഞ്ഞിട്ടുണ്ട്. സാദ്ധ്യതാ പഠനം നടത്തി മാത്രമേ ലാ കോളേജ് അനുവദിക്കുകയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: നിലവിൽ 33,815 വക്കീലൻമാരുണ്ട്. ഓരോ വർഷവും 1340 പേർ എൻറോൾ ചെയ്യുന്നു. കേരളത്തിലെ കോടതികൾക്ക് താങ്ങാൻ പറ്റുന്നതിനേക്കാളും വക്കീലൻമാർ ഇപ്പോൾ തന്നെയുണ്ട്. ഇനി സ്വാശ്രയ കോളേജുകൾ തുടങ്ങി കൂടുതൽ വക്കീലൻമാരെ സൃഷ്ടിക്കേണ്ട ആവശ്യമില്ല. മാത്രമല്ല ഇതിന്റെ ഗുണനിലവാരം കുറയുകയാണ്. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് തന്നെ 20% ജഡ്ജിമാർ അഴിമതിക്കാരാണെന്ന് പറഞ്ഞു. വിവരമില്ലാത്ത ജഡ്ജിമാരാണ് കേരളത്തിലുള്ളതെന്ന് ബഹുമാനപ്പെട്ട മുൻ സ്പീക്കർ തന്നെ ഇവിടെ പറഞ്ഞു. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: കസ്റ്റ്യൻ ചോദിച്ചാൽ മതി. പ്ലീസ്.

ശ്രീ. എ. കെ. ബാലൻ: ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസിനും പ്രസിഡന്റിനും വാറന്റ് അയച്ചു. ഈ രൂപത്തിൽ വിവരദോഷികളായിട്ടുള്ള നിരവധി പേർ ഈ രംഗത്ത് വരുന്നു. ഇതിന്റെ എത്തിക്സ് ഇല്ലാതാകുന്നു. മാത്രമല്ല ഗുണനിലവാരം കുറയുന്നു. ഈ സാഹചര്യത്തിൽ ഗുണനിലവാരം വർദ്ധിപ്പിച്ചുകൊണ്ട് സ്വാശ്രയ കോളേജുകൾ തുടങ്ങുന്നതിനുള്ള നടപടിയാണ് എടുക്കേണ്ടത്. അതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: ഇപ്പോൾ 383 വിവിധതരം കോടതികളാണുള്ളത്. അതുമായി ബന്ധപ്പെട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്ന വക്കീലൻമാരുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് പോലെയുള്ള കാര്യമില്ല; നല്ല വക്കീലൻമാരുണ്ട്. ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തി മാത്രമേ കോളേജ് അനുവദിക്കുകയുള്ളു എന്ന് ഞാൻ പറഞ്ഞു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മന്ത്രി സ്വാശ്രയ ലാ കോളേജുകളെ സംബന്ധിച്ച് പറഞ്ഞു. ഈ സ്വാശ്രയൻ കടന്നുവന്നത് ആദ്യം വിദ്യാഭ്യാസ രംഗത്താണ്. വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയൻ കടന്നുവന്നതിനാൽ ഒട്ടേറെ സ്കൂളുകളിൽ ആദ്യം ഡിവിഷനുകൾ ഫാളായി, പിന്നെ അദ്ധ്യാപകർ പുറത്തുപോയി. അങ്ങനെ സ്കൂളുകൾ തന്നെ അൺ-ഇക്കണോമിക് എന്ന് പ്രഖ്യാപിച്ചു. ഈ വർഷം ആദ്യം 2060-ൽപ്പരം സ്കൂളുകൾക്ക് അൺ-ഇക്കണോമിക് എന്ന നിലയിൽ അടച്ചുപൂട്ടലിന്റെ സ്ഥിതി വന്നു. അങ്ങനെ ഈ സ്വാശ്രയൻ എവിടെയൊക്കെ കടന്നുവരുന്നുണ്ടോ അവിടെയെല്ലാം തന്നെ കുഴപ്പങ്ങൾ വരികയാണ്. അതുതന്നെയായിരിക്കില്ലേ ഈ ലാ കോളേജിന്റെ രംഗത്തും സ്വാശ്രയൻ ഇപ്പോൾ വിഹരിക്കുന്നതിന്റെ ഫലം? ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് തോന്നുന്നു?

ശ്രീ. നാലകത്ത് സൂപ്പി: സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ലാഭകരമല്ലാത്ത സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ചു. ഒരു ഘട്ടത്തിൽ അത് പിൻവലിച്ചു. സ്വാശ്രയ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ഉണ്ടാവുകയെന്നുള്ളത് ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ്. ഈ ഗവൺമെന്റും മുൻഗവൺമെന്റും ആ രംഗത്തേക്ക് കടന്നുവന്നു. ഇതൊരു പുതിയ കാര്യമല്ല. സ്വാശ്രയ മേഖലയിൽ എല്ലാ സൗകര്യങ്ങളുമുള്ള ലാ കോളേജുകൾ മാത്രമേ അനുവദിക്കുകയുള്ളു. പരക്കെ ലാ കോളേജുകൾ അനുവദിക്കുന്ന പ്രശ്നമില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: ഗവൺമെന്റ് ലാ കോളേജുകളുടെ സ്ഥിതി ഇപ്പോഴും പരിതാപകരമാണ്. ഉദാഹരണത്തിന്, തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ വിദ്യാർത്ഥികൾ സമരം നടത്തിവരികയാണ്. നിലവിലുള്ള ഗവൺമെന്റ് ലാ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പഴയ സിലബസ് നവീകരിക്കുവാനും നടപടി സ്വീകരിക്കുമോ; ഗവൺമെന്റ് ലാ കോളേജുകളിൽ ആവശ്യമായ സൗകര്യങ്ങളില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ തുടങ്ങുവാനുള്ള തീരുമാനം ശരിയാണോ എന്നുകൂടി ആലോചിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: നമ്മുടെ ഗവൺമെന്റ് ലാ കോളേജുകളിൽ സത്യത്തിൽ പ്രതീക്ഷയ്ക്ക് എതിരായി ഒന്നും സംഭവിക്കുന്നില്ല. കാര്യമായി പ്രവർത്തിക്കുന്നുണ്ട്. ലാ കോളേജുകളുടെ overall performance നോക്കാൻ ഒരു ഡയറക്ടറേറ്റ് ഇല്ല എന്നുള്ള അപാകത മാത്രമേയുള്ളു. അക്കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വകാര്യ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കാൻ തുടങ്ങിയപ്പോൾ മുക്കിന് മുക്കിന് മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളുമാണ്. ഇപ്പോൾ ഏറ്റവും ഒടുവിൽ ബി.എഡ്. കോളേജുകളും തുടങ്ങുവാൻ തീരുമാനിച്ചതോടുകൂടി സ്വാശ്രയ സ്ഥാപനങ്ങൾ എവിടേയും ആകാം എന്ന അവസ്ഥ വന്നിരിക്കുകയാണ്. യാതൊരുവിധ നോംസും ഇല്ലാതെയാണ് സ്വകാര്യ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കുന്നത്. ബി.എഡ്. കോളേജ് അനുവദിച്ചതുപോലെ ലാ കോളേജ് തുടങ്ങാൻ കഴിയില്ല. കാരണം ബാർ കൗൺസിൽ ഓഫ് ഇൻഡ്യ റൂൾസിൽ ലാ കോളേജുകൾ അനുവദിക്കുന്നതിന് പ്രത്യേക നോംസ് നിശ്ചയിച്ചിട്ടുണ്ട്. അതിന് വിരുദ്ധമായി ഒരു കോളേജ് തുടങ്ങിയാൽ ആ കോളേജിന് അംഗീകാരം കിട്ടുകയില്ല. അതാണ് പാലായിൽ തുടങ്ങിയ കോളേജിന് സംഭവിച്ചത്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്, ഡിസ്ട്രിക്റ്റ് കോർട്ട് ആസ്ഥാനത്ത് മാത്രമേ ലാ കോളേജ് തുടങ്ങാൻ സാധിക്കൂ എന്നതാണ്. അതിന് വിരുദ്ധമായിട്ട് എങ്ങനെ നിങ്ങൾക്ക് ലാ കോളേജ് തുടങ്ങാൻ സാധിക്കും? വിദഗ്ദ്ധ സമിതിയെ വച്ച് അന്വേഷിച്ചിട്ടാണോ ലാ കോളേജ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; അങ്ങനെ വിദഗ്ദ്ധ സമിതിയെ നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ബി.എഡ്. കോളേജ് നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയത് പോലെയുള്ള വിദഗ്ദ്ധ സമിതിയാകാതെ സ്റ്റേറ്റ് ബാർ കൗൺസിലിനെ ഒരു നോഡൽ ഏജൻസിയായി നിശ്ചയിച്ച് പഠനം നടത്തിയതിന് ശേഷം ഇതുസംബന്ധിച്ചുള്ള തീരുമാനമെടുക്കാൻ തയ്യാറാകുമോ? ഈ സ്വാശ്രയം വന്നതോടുകൂടി മറ്റെല്ലാ മേഖലകളും കുളമായി. ഇനി നിയമമേഖല കൂടി കുളമാക്കാൻ തീരുമാനിച്ചിരിക്കുകയാണോ എന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

ശ്രീ. നാലകത്ത് സൂപ്പി: ഏതായാലും കഴിഞ്ഞ പ്രാവശ്യം പ്ലസ് ടു കൊടുത്ത രീതിയിലാകില്ല. വ്യവസ്ഥാപിതമായി നടപടികളുണ്ടാകും. ഫീസിബിലിറ്റി സ്റ്റഡി നടത്തും. ആവശ്യമായ സ്ഥലങ്ങളിൽ മാത്രമേ കൊടുക്കുകയുള്ളൂ.

ശ്രീ. പി. ടി. തോമസ്: കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സ്വാശ്രയ കോളേജ് തുടങ്ങിയത് 1957-ൽ സഖാവ് ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ കാലഘട്ടത്തിൽ തിരുവനന്തപുരത്ത് ഇപ്പോഴുള്ള ലാ അക്കാഡമി ലാ കോളേജാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. കോടിയേരിയടക്കം ഇതുപോലെയുള്ള സ്വാശ്രയ ലാ കോളേജുകളിലാണ് പഠിച്ചത്. തെറ്റാണെങ്കിൽ ഞാൻ പിൻവലിച്ചുകൊള്ളാം. അവർ ഇന്ന് ഇതിന്റെ സാങ്കേതികത്വത്തെപ്പറ്റി പറയുന്നതിലുള്ള ഒരു ഹിപ്പോക്രസി ചൂണ്ടികാണിക്കുക മാത്രമാണ് ഉദ്ദേശിച്ചത്. കേരളത്തിൽ വളരെ വർഷങ്ങളായി പ്രവർത്തിക്കുന്ന ലാ അക്കാഡമി ലാ കോളേജ് ഒരു മോശപ്പെട്ട സ്ഥാപനമാണെന്നൊന്നും എനിക്ക് അഭിപ്രായമില്ല. അതിന്റെ മോഡലിൽ കേരളത്തിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഗുണനിലവാരവും കെട്ടിടം, ലൈബ്രറി അടക്കമുള്ള സൗകര്യങ്ങളും ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ; ലോകത്ത് മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതിക വികസനത്തിന് സൈബർ ലാ അടക്കമുള്ള പുതിയ വിഷയങ്ങൾ സബ്ജക്ടിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

2/196/2013—3.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിൽ ആദ്യമായി സ്വാശ്രയ മേഖലയിൽ തുടങ്ങിയ കോളേജ് ലാ അക്കാഡമിയാണ്. നാരായണൻ നായരാണ് തുടങ്ങിയത്. അതുപോലെ ഇനി സ്വാശ്രയ മേഖലയിൽ തുടങ്ങാനിരിക്കുന്ന ലാ കോളേജിനെ സംബന്ധിച്ചും ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തും. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ കൊടുക്കുകയുള്ളു എന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, അങ്ങ് ഇവിടെ പറഞ്ഞ മറുപടി അനുസരിച്ച് എൻറോൾ ചെയ്തിരിക്കുന്നതിൽ 4162 പേർ ഇപ്പോൾ ലൈവായിട്ട് ഇല്ലെന്നാണ്. 1340 പേർ ഓരോ വർഷവും ഇറങ്ങുന്നുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യത്തിന് ഉത്തരമായി അങ്ങ് പറഞ്ഞത് ലാഭകരമല്ലാത്ത സ്കൂളുകൾ സ്വാശ്രയ സംവിധാനം വന്നതുകാരണം പൂട്ടുമെന്നാണ്. ഒരു കച്ചവടമാക്കി പള്ളിക്കൂടം മാറ്റുന്നത് അങ്ങ് അംഗീകരിക്കുന്നുണ്ടോ? ലാഭകരമല്ലാത്ത കോടതികൾ അടച്ചു പൂട്ടുന്ന സ്ഥിതിയിലേയ്ക്ക് ഇത് എത്തുകയില്ലേ? ഈ പ്രാവശ്യം 4261 കുട്ടികൾ അൺഎയ്ഡഡ് സ്കൂളുകളിൽ വർദ്ധിച്ചുയെന്നാണ് ഇന്നലെ അങ്ങ് തന്ന മറുപടി. ഗവൺമെന്റു സ്കൂളുകളിൽ 74118 കുട്ടികളും എയ്ഡഡ് സ്കൂളുകളിൽ 50319 കുട്ടികളും ഉൾപ്പെടെ 1,24,437 കുട്ടികൾ കുറഞ്ഞു എന്ന് അങ്ങ് ഇവിടെ മറുപടി തന്നു. മറ്റൊരു ചോദ്യത്തിന് അങ്ങ് തന്നിരിക്കുന്ന മറുപടി, ഹൈക്കോടതിയിൽ വനം വകുപ്പിന്റെ കേസുകൾ നടത്തിവരുന്ന സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. രാമപ്രസാദ് ഉണ്ണിയുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ പിരിച്ചുവിടാൻ തീരുമാനിച്ചിരുന്നു എന്നാണ്. ഞാൻ ഇത് സൂചിപ്പിച്ചത് വക്കീലന്മാരായി എൻറോൾ ചെയ്തിട്ട് സർക്കാർ തന്നെ തെരഞ്ഞെടുത്ത് കോടതികളിലേയ്ക്ക് അയച്ചിരുന്ന ആളുകളുടെ നിലവാരം ചൂണ്ടിക്കാണിക്കാനാണ്. നിലവിൽ സർക്കാർ വക്കീലന്മാരുടെ നിലവാരം.....

മി. ഡെപ്യൂട്ടി സ്പീക്കർ: You put the question.....

ശ്രീ. ടി. കെ. ദേവകുമാർ: സർ, നിലവാരത്തകർച്ചയിലേക്ക് എത്താതിരിക്കാനും ലാഭകരമല്ലാത്ത കോടതികൾ അടച്ചുപൂട്ടുമെന്നു പറയുന്ന സ്ഥിതിയിലേക്ക് എത്താതിരിക്കാനും സ്വാശ്രയ കോളേജ് അനുവദിക്കുന്നതിന് ഒരു സംവിധാനം പരിശോധിച്ച് ഏർപ്പെടുത്തുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, ഈ സഭയിലെ എല്ലാ ആളുകളും ചിന്തിച്ചാൽ മാത്രമേ അൺഎയ്ഡഡ് സ്കൂളുകൾ വർദ്ധിക്കുന്നത് നിരുൽസാഹപ്പെടുത്താൻ സാധിക്കുകയുള്ളു. എനിക്ക് വ്യക്തിപരമായി ബന്ധമുള്ള ആളുകളെ സംബന്ധിച്ചിടത്തോളം എനിക്കറിയാം എല്ലാവരും കുട്ടികളെ അൺഎയ്ഡഡ് സ്കൂളുകളിലേക്കാണ് പറഞ്ഞയയ്ക്കുന്നത്. ഗവൺമെന്റ് മേഖലയിൽ സ്കൂളുകൾ ശക്തിപ്പെടുത്തണം. ലാ കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ച വിവരം ഞാൻ സഭയിൽ പറഞ്ഞു. വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലെ ലാ കോളേജുകൾ ആരംഭിക്കൂ, അതുപോലെ കണക്കിന് വിരുദ്ധമായി അനുവദിക്കുന്ന പ്രശ്നമില്ല എന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലൂഡി ലൂയിസ്: സർ, പുതുതായി ആരംഭിക്കുന്ന സ്വാശ്രയ ലാ കോളേജുകളിൽ നിലവിലുള്ള സംവരണ തത്വം തന്നെയാണോ നിലനിർത്തുന്നത്; ന്യൂനപക്ഷ പിന്നോക്ക സമുദായമായ ആംഗ്ലോ ഇന്ത്യക്കാരെകൂടി പുതുതായി ആരംഭിക്കുന്ന സ്വാശ്രയ ലാ കോളേജുകളിൽ പരിഗണിക്കപ്പെടുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, നിലവിലുള്ള സംവരണ വ്യവസ്ഥ തന്നെയാണ് പാലിക്കപ്പെടുക; അതിൽ ആംഗ്ലോ ഇന്ത്യൻസും ഉൾപ്പെടും.

ശ്രീ. പി. സി. ജോർജ്: സർ, ഒരു സെഷൻസ് കോടതിയുടെ 10 കിലോമീറ്റർ ചുറ്റളവിലായിരിക്കണം ലാ കോളേജ് സ്ഥാപിക്കുക എന്ന നിബന്ധന നിലവിലിരിക്കെ അതിന് വിരുദ്ധമായി ലാ കോളേജുകൾ സ്ഥാപിച്ച് അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: Please put the question .....

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അനാവശ്യമൊന്നും ചോദിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനാവശ്യം ഇവിടെ പറയാൻ ഒക്കുകയില്ലല്ലോ, അത് ഇതുവരെയും അറിഞ്ഞുകൂടെ?

ശ്രീ. പി. സി. ജോർജ്: സർ, 14 ജില്ലകളിലും ലാ കോളേജുകൾ ആരംഭിക്കും എന്ന് അങ്ങ് പറഞ്ഞ സ്ഥിതിക്ക് 14 ജില്ലാ ആസ്ഥാനത്തുള്ളത്.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയെപ്പോലുള്ള ആളുകൾ ഇങ്ങനെ പ്രസംഗിച്ചാൽ ..... please put the question.....

ശ്രീ. പി. സി. ജോർജ്: മാവേലിക്കരയിലും പറവൂരിലും ഉൾപ്പെടെ സെഷൻസ് കോടതിയുടെ 10 കിലോമീറ്റർ ചുറ്റളവിലല്ലാത്തിടത്ത് ലാ കോളേജുകൾ തുടങ്ങാൻകഴിയില്ല. ജില്ലാകോടതിയും എം. എ. സി. ടി. കോടതിയും ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് നിയമ മാറ്റം വരുത്താനുള്ള ശ്രമം നടത്തുന്നത് ശരിയാണോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, ഞാൻ എല്ലാ വശങ്ങളും പരിശോധിച്ചിട്ടേ കോളേജ് അനുവദിക്കുകയുള്ളൂ. ബഹുമാനപ്പെട്ട പി. സി. ജോർജ് പറയുന്നതുമാതിരി കോളേജ് അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചു എന്ന് മാത്രമേ ഇതിന് അർത്ഥമാക്കിയിട്ടുള്ളൂ. മറ്റ് പരിഗണനകൾ എല്ലാം ആ സമയത്ത് പരിശോധിക്കാം.

ശ്രീ. എം. എ. വാഹീദ്: സർ, ഇപ്പോൾ വക്കീലന്മാരുടെ എണ്ണം ദൈനംദിനം പെരുകിവരികയാണ്. കേസില്ലാ വക്കീലന്മാരും ഫീസില്ലാ വക്കീലന്മാരുമുണ്ട്. ബോർഡ് വച്ച വക്കീലന്മാരുണ്ട് ബോർഡ് വയ്ക്കാത്ത വക്കീലന്മാരുണ്ട്, ഓസ്, ഫീസ്, പാസ് എന്നുള്ള നിലയിലാണ് ഇപ്പോൾ വക്കീലന്മാരെ തരംതിരിക്കുന്നത്. ഫീസ് വാങ്ങി കേസ് നടത്തുന്നവരുണ്ട് സർക്കാരിന്റെ ചെലവിൽ പാസ് വാങ്ങി കേസ് നടത്തുന്നവരുമുണ്ട്. ഒരു പൈസയുമില്ലാതെ പാർട്ടിക്കുവേണ്ടി കേസ് നടത്തുന്ന

വക്കീലന്മാരുമുണ്ട്. വക്കീലന്മാരുടെ എണ്ണം പെരുകിയ സാഹചര്യത്തിൽ ജില്ലാ കോടതികളുള്ള സ്ഥലങ്ങളിൽ മാത്രമേ സ്വാശ്രയ ലാ കോളേജുകൾ ആരംഭിക്കൂ എന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകാമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, എല്ലാകാര്യവും പരിശോധിക്കും.

ശ്രീ. എം. വി. ജയരാജൻ: സർ, കഴിഞ്ഞ 30-ാം തീയതി സ്വാശ്രയ ബി.എഡ്. കോളേജ് കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞ ചില പരാമർശങ്ങൾ അതീവ ഗൗരവമായി നമ്മുടെ ശ്രദ്ധയിൽ വരേണ്ടതാണ്. പുതിയ സ്വാശ്രയ ലാ കോളേജുകൾ അനുവദിക്കുന്ന പശ്ചാത്തലത്തിൽ അതീവമായി പരിഗണിക്കപ്പെടേണ്ടുന്ന കാര്യമാണ് കോടതി പറഞ്ഞത്. It is not a case of bonafide mistake or omission or wrong evaluation that affected the process of selection.....

മി. ഡെപ്യൂട്ടി സ്പീക്കർ: Please put the question.

ശ്രീ. എം. വി. ജയരാജൻ: ഞാൻ പറയണ്ടേ, ഞാൻ ചോദ്യം ചോദിക്കണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: Please put the question .....

ശ്രീ. എം. വി. ജയരാജൻ: ഞാൻ ചോദ്യം ചോദിക്കുന്നത് മോശമാണോ സർ, മാത്രമല്ല കോടതി പറഞ്ഞു. "Displeasure over the scant respect shown by the Government to the rule of law and authority of the Court. I wish the Government will not repeat this".

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യത്തിന് ഇങ്ങനെയൊക്കെ പറഞ്ഞാൽ.....

ശ്രീ. എം. വി. ജയരാജൻ: സർ, സ്വാശ്രയ ബി.എഡ്. കോളേജ് അഴിമതിക്കേസ്സിൽ ഹൈക്കോടതിയുടെ അതീവ ഗൗരവമായ പരാമർശം ഇത് ആവർത്തിക്കാൻ പാടില്ല എന്നാണ്. അത്തരമൊരു പശ്ചാത്തലത്തിൽ സ്വാശ്രയ ലാ കോളേജിന് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കാനും, ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ചതുപോലെ, ബാർ കൗൺസിലിന്റെ അംഗങ്ങളടക്കമുള്ള ഒരു വിദഗ്ധസമിതിയെ നിയോഗിക്കാനും ഗവൺമെന്റ് സന്നദ്ധമാണോ? .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: മറുപടി പറയണ്ട എന്ന് നിശ്ചയിക്കുന്നത് നിങ്ങളല്ല .....(ബഹളം).....

ശ്രീ. നാലകത്ത് സൂപ്പി: ഏതായാലും ശ്രീ. ജയരാജനും.....

മി. ഡെപ്യൂട്ടി സ്പീക്കർ: പലരും ഇങ്ങനെ പറയുന്നത് കണക്കാക്കേണ്ട.....

ശ്രീ. നാലകത്ത് സൂപ്പി: സ്വാശ്രയ ലാ കോളേജുകളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അനുവദിക്കുകയുള്ളൂ. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് പ്ലസ് ടു അനുവദിച്ച കാര്യത്തിൽ ഹൈക്കോടതി unconstitutional എന്ന് പറഞ്ഞു. അതുപോലെ വളരെ മോശമായ.....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... നിങ്ങൾ പറയുന്നത് കേട്ടുകൊണ്ടിരുന്നില്ലേ .....പ്ലീസ്.....

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ ആവർത്തിക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ സ്വാശ്രയ ലാ കോളേജുകൾ തുടങ്ങുന്ന കാര്യം മന്ത്രി പറഞ്ഞു. വളരെ സ്വാഗതാർഹമാണ്. കേരളം മുഴുവൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന അന്തരിച്ച പ്രൊഫസർ എം. പി. മന്മഥന്റെ നാമധേയത്തിൽ രൂപീകൃതമായിരിക്കുന്ന ട്രസ്റ്റ് നിയമ രംഗത്ത് ഒരു ഗവേഷണ കേന്ദ്രവും ലാ കോളേജും തുടങ്ങാനുള്ള ആഗ്രഹവുമായി കുറേ നാളായി ശ്രമങ്ങൾ നടത്തുകയാണ്. അതിന്റെ ഭാഗമായി മൂവാറ്റുപുഴ ആസ്ഥാനമാക്കി സ്വാശ്രയ മേഖലയിൽ ഒരു ഗവേഷണ കേന്ദ്രവും ലാ കോളേജും തുടങ്ങാനുള്ള അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; അക്കാര്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: മന്മഥന്റെ പേരിലും മറ്റ് പലരുടെ പേരിലും ലാ കോളേജ് തുടങ്ങുന്നതിന് ഗവണ്മെന്റിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. അക്കാര്യങ്ങളൊക്കെ പരിശോധിച്ച ശേഷമേ പറയാൻ കഴിയൂ.

ശ്രീ. പി. ജയരാജൻ: സർ, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ധാരാളം പ്രൊഫഷണൽ കോളേജുകൾ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. 37 മെഡിക്കൽ കോളേജുകളും 68 എൻജിനീയറിംഗ് കോളേജുകളും ഉൾപ്പെടെ നിരവധി പ്രൊഫഷണൽ കോളേജുകൾ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ പ്രൊഫഷണൽ കോളേജുകൾ അനുവദിക്കുന്ന കാര്യത്തിലുള്ള പ്രധാനപ്പെട്ട മാനദണ്ഡം ലാഭമാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. ഇങ്ങനെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ താല്പര്യം പരിരക്ഷിക്കപ്പെടണമെന്നുള്ള വ്യാപകമായ അഭിപ്രായം ശക്തിപ്പെട്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുള്ള ലോണിന്റെ പലിശ 10.5 ശതമാനം എന്നത് ചുരുക്കിക്കൊണ്ടു വരുന്നതിനുവേണ്ടി ഗവണ്മെന്റ് ആവശ്യമായിട്ടുള്ള ഇടപെടലുകൾ നടത്തുമോ; ചുരുങ്ങിയ പലിശയ്ക്ക് വിദ്യാർത്ഥികൾക്ക് ലോൺ കിട്ടത്തക്ക സാഹചര്യമുണ്ടാക്കാൻ ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഗവണ്മെന്റ് തീർച്ചയായും ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, സാദ്ധ്യതാ പഠനം നടത്തിയതിനു ശേഷമേ സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ അനുവദിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. അങ്ങനെ സാദ്ധ്യതാ പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്താനുള്ള എന്തെങ്കിലും നടപടി ഗവണ്മെന്റ് തുടങ്ങിയിട്ടുണ്ടോ; ഏതെങ്കിലും ഏജൻസിയേയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും സംവിധാനത്തേയോ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: ബാർ കൗൺസിലിനേയും അതുപോലെ എക്സ്പേർട്ട് കമ്മിറ്റിയും നിശ്ചയിച്ചിട്ടുണ്ട്. അവർ സാദ്ധ്യതാ പഠനം നടത്തിയ ശേഷമേ ലാ കോളേജുകൾ അനുവദിക്കുകയുള്ളൂ.

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട മന്ത്രി ജി.ഒ.(എം.എസ്)5/2004 ഉ.വി.വ.-നെപ്പറ്റി ഇവിടെ പറഞ്ഞു. അതിൽ നിബന്ധനയുണ്ടെന്നും പറഞ്ഞു. പക്ഷേ ആ നിബന്ധനകൾ പലതും ബാർ കൗൺസിൽ ഓഫ് ഇൻഡ്യ രൂപീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നതല്ല എന്നുള്ള കാര്യം വ്യക്തമാണ്. ബി.എഡ്. കോളേജുകളുടെ കാര്യത്തിൽ തെറ്റുപറ്റി എന്നും അത് തിരുത്തുമെന്നും അങ്ങ് ഇവിടെ പറഞ്ഞുകഴിഞ്ഞു. അങ്ങനെയാണെങ്കിൽ സ്വാശ്രയ ലാ കോളേജിന്റെ കാര്യത്തിൽ തെറ്റ് സംഭവിക്കാനുള്ള എല്ലാ പോസിബിലിറ്റീസും ഇവിടെ വ്യക്തമായ ചുറ്റുപാടിൽ ആ തെറ്റുകളെല്ലാം ഒഴിവാക്കാൻ വേണ്ടിയുള്ള മുൻ ഒരുക്കം നടത്താൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ ആദ്യമേ പറഞ്ഞു. ഇനി ആവർത്തിക്കണമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾത്തന്നെ 45 മിനിട്ടായി. അടുത്ത കസ്റ്റ്യനിലേക്ക് കടക്കാം.

സ്കൂളുകളിൽ ശാസ്ത്ര പരീക്ഷണ പദ്ധതി

*4 [272] ശ്രീ. ജോർജ് ജെ. മാത്യു:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ശാസ്ത്ര പരീക്ഷണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(സി) സ്കൂളുകളിലെ പരീക്ഷണശാലകൾ സജ്ജമാക്കുവാൻ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly